**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1418** **19-06-2024 - ൽ മറുപടിയ്ക്ക്**

**മലബാർ മേഖലയിലെ പ്ലസ് വൺ സീറ്റ് അപര്യാപ്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീമതി കെ. കെ. രമ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മലബാർ മേഖലയിൽ എസ്.എസ്.എൽ.സി. പരീക്ഷ ജയിച്ച വിദ്യാർത്ഥികൾക്ക് പ്ലസ് വൺ പ്രവേശനത്തിന് മതിയായ അവസരങ്ങൾ ലഭിക്കുന്നില്ല എന്ന പരാതി പരിശോധിച്ചിട്ടുണ്ടോ; | (എ) | മലബാർ മേഖലയിലെ സീറ്റ് ക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി സ.ഉ.(കൈ) നം. 45/2024/പൊ.വി.വ തീയതി 08/05/2024 സർക്കാർ ഉത്തരവ് പ്രകാരം 2023-24 വർഷം താൽക്കാലികമായി അനുവദിച്ചതും നിലനിർത്തിയതും ഷിഫ്റ്റ് ചെയ്തതുമായ ബാച്ചുകൾ തുടരുന്നതിനും മലബാർ മേഖലയിൽ എല്ലാ സർക്കാർ സ്കൂളുകളിലും 30% മാർജിനൽ സീറ്റ് വർദ്ധനയും, എല്ലാ എയ്ഡഡ് സ്കൂളുകൾക്കും 20% മാർജിനൽ സീറ്റ് വർദ്ധനയും, ആവശ്യപ്പെടുന്ന എയ്ഡഡ് സ്കൂളുകൾക്ക് അധികമായി 10 ശതമാനം മാർജിനൽ സീറ്റ് വർദ്ധനയും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) | മാർജിനൽ സീറ്റ് വർദ്ധനവ് കൊണ്ടുമാത്രം പരിഹാരമുണ്ടാകില്ലെന്നും പ്രശ്നപരിഹാരത്തിനായി പ്ലസ് വണ്ണിന് അധിക ബാച്ചുകളും ഡിവിഷനുകളും വർദ്ധിപ്പിക്കണം എന്നുമുള്ള ആവശ്യം ഗൗരവമായി കാണുന്നുണ്ടോ; | (ബി) | രണ്ട് അലോട്ട്മെൻറുകൾ പൂർത്തീകരിച്ചപ്പോൾ സംസ്ഥാനത്തെ ഒരു ജില്ലയിലും സീറ്റിന്റെ കുറവില്ല. മുഖ്യഘട്ട പ്രവേശനം പൂർത്തീകരിച്ച ശേഷം സംസ്ഥാന തലത്തിലും താലൂക്ക് തലത്തിലും സ്ഥിതി വീണ്ടും പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | എങ്കിൽ പ്ലസ് വണ്ണിന് അധിക ബാച്ചുകളും ഡിവിഷനുകളും വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്നു വിശദമാക്കാമോ? | (സി) | രണ്ട് അലോട്ട്മെൻറുകൾ പൂർത്തീകരിച്ചപ്പോൾ സംസ്ഥാനത്തെ ഒരു ജില്ലയിലും സീറ്റിന്റെ കുറവില്ല. മുഖ്യഘട്ട പ്രവേശനം പൂർത്തീകരിച്ച ശേഷം സംസ്ഥാന തലത്തിലും താലൂക്ക് തലത്തിലും സ്ഥിതി വീണ്ടും പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ